# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2552** — **19.12.2012-ൽ മറുപടിക്ക്**

## വയനാട് ജില്ലയിൽ മെഡിക്കൽ കോളേജ്

| ചോദ്യം<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ : | ഉത്തരം<br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) വയനാട് ജില്ലയിൽ സർക്കാർ മെഡിക്കൽ കോളേജ് സ്ഥാപിക്കാനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) ഇതിനാവശ്യമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ടോ ; ഇത് നടപ്പിലാക്കാൻ സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;<br><br>(സി) ഇത് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം എത്രയാണെന്നും അത് എവിടെയാണ് ലഭ്യമാക്കിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ ; | **(എ) (ബി) (സി)**<br><br>വയനാട് ജില്ലയിൽ പുതിയ സർക്കാർ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് വയനാട് ആർ.സി.എച്ച്. ഓഫീസറായ ഡോ. ജിതേഷിനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. സ്പെഷ്യൽ ഓഫീസർ വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**